**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** **09-10-2025 - ൽ മറുപടിയ്ക്ക്**

**വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ കാർഷിക വിളകളെ സംരക്ഷിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 01.01.2018 തീയതിയിലെ G.O(Ms)No. 01/2018/GAD തീയതി 22.06.2017 പ്രകാരം 100.13 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. ബനാന & ഹണി പാർക്ക്, തൃശ്ശൂർ<br>2. കോക്കനട്ട് അഗ്രോപാർക്ക്, വേങ്ങേരി, കോഴിക്കോട്<br>3. കോക്കനട്ട് അഗ്രോപാർക്ക്, കുത്താളി, കോഴിക്കോട്<br>4. വെജിറ്റബിൾ അഗ്രോപാർക്ക്<br>5. മാംഗോ പാർക്ക് മുതലമട, പാലക്കാട്<br><br>ബനാന & ഹണി പാർക്കിന്റെ നിർമ്മാണത്തിനായി 25.13 കോടി രൂപയുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിക്കുകയും പദ്ധതിയുടെ ഒന്നാം ഗഡുവായി 14.28 കോടിരൂപ അനുവദിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 7.15 കോടി രൂപ യന്ത്ര സമാഗ്രികൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനായി KIIFB അനുവദിച്ചു. ആയതുപ്രകാരം ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചുവരുന്നുണ്ട്.<br><br>നിലവിൽ 07.08.2023-ലെ G.O.(MS)No.71/2023/AGRI പ്രകാരം അഗ്രോപാർക്കുകളുടെ ഭരണച്ചുമതല KABCO യ്ക്ക് നൽകിയിട്ടുണ്ട്. ഭൂമി |

| | | | |
|---|---|---|---|
| | | | കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കോഴിക്കോട് ജില്ലയിലെ വേങ്ങേരി കൂത്താളി എന്നീ സ്ഥലങ്ങളിലാണ് കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നത്. നിലവിൽ വേങ്ങേരിയിലുള്ള കാർഷിക മൊത്ത വ്യാപാര വിപണിയുടെ വികസന പദ്ധതിയുമായി സംയോജിപ്പിച്ച് പുതുക്കിയ DPR കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടില്ല.<br><br>പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലാണ് മംഗോ പാർക്ക് സ്ഥാപിക്കുന്നത് . ഇതിനായി 16.162 കോടി രൂപയുടെ പദ്ധതി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്, അനുമതി ലഭിച്ചിട്ടില്ല.<br><br>വെജിറ്റബിൾ അഗ്രോപാർക്ക് ആലപ്പുഴ ജില്ലയിലെ, ചേർത്തലയിൽ സ്ഥാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് വില്ലേജിൽ ബ്ലോക്ക് 28 റീ സർവ്വെ 278 ൽ പെട്ടതും കുത്തകപ്പാട്ടമായി നൽകിയിരുന്നതും സർക്കാർ തിരികെ എടുത്തിരുന്നതുമായ 114.5 സെന്റ് ഭൂമി വെജിറ്റബിൾ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനായി രവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം കൃഷി വകുപ്പിന് അനുവദിച്ചിട്ടുണ്ട്.<br><br>KERA പദ്ധതിയുടെ ഭാഗമായി അഗ്രോ-ഫുഡ് പാർക്കുകളുടെ വികസനത്തിനായി 103 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് ഇത്തരം പാർക്കുകൾ നിർമിച്ചതെന്ന് വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ ധനസഹായത്തോടെ തൃശ്ശൂർ ജില്ലയിൽ കണ്ണാറയിൽ ബനാന & ഹണി പാർക്കിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അഗ്രോ പാർക്കുകളുടെ DPR സമർപ്പിച്ചിട്ടുള്ളത് കിഫ്ബി പരിശോധിച്ചു വരികയാണ്.<br><br>KERA പദ്ധതിയിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്താനായി സാധ്യതാ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. |
| (സി) | ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പാർക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ